**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4988** **20-07-2022 - ൽ മറുപടിയ്ക്ക്**

**പള്ളിക്കത്തോട് ഐ.ടി.ഐ. യിൽ സ്കിൽ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ സ്കിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | **(എ)** ഉണ്ട്. സംസ്ഥാനത്തെ ഐ.ടി.ഐ കളിലെ സ്കിൽ കോഴ്സുകൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഇന്ത്യാ സ്കിൽസ് മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. ആയതിന്റെ ഭാഗമായി 2022 ജനുവരിയിൽ ഡൽഹിയിൽ വെച്ച് നടന്ന ദേശീയ ഇന്ത്യാ സ്കിൽസ് മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് 41 മത്സരാർത്ഥികൾ പങ്കെടുക്കുകയും ആയതിൽ 8 സ്വർണ്ണം, 8 വെള്ളി, 5 വെങ്കലം, 5 മെഡലിയൻ ഉൾപ്പെടെ കേരളം ദേശീയ തലത്തിൽ രണ്ടാം സ്ഥാനത്ത് എത്തുകയും ചെയ്തു. |
| (ബി) | അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ; | (ബി) | **(ബി)** അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി ബഡ്ജറ്റിൽ ഒാരോ വർഷവും അനുവദിക്കുന്ന തുകയിൽ പരിമിതപ്പെടുത്തി ഐ.ടി.ഐകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, മെയിന്റനൻസ് വർക്കുകൾ, ചുറ്റുമതിൽ, ഫർണ്ണിച്ചർ സംഭരണം, ഉപകരണ സംഭരണം മുതലായവ ഓരോ വർഷവും നൽകി വരുന്നു. |
| (സി) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ പള്ളിക്കത്തോട് ഐ.ടി.ഐ. യിൽ സ്കിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | **(സി)** കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ പള്ളിക്കത്തോട് ഐ.ടി.ഐ. യിൽ സ്കിൽ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ